# ജില്ല/ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അപേക്ഷാ സമർപ്പണം : അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിലോ സ്പോർട്സ് ക്വാട്ടയിലോ പ്രവേശനം നേടിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അധിക സീറ്റ് സൃഷ്ടിച്ച് പ്രവേശനം നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്ക്(വിഭിന്നശേഷി വിഭാഗത്തിലൂള്ള വിദ്യാർത്ഥികൾ 28/10/2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം പ്രകാരം പ്രവേശനം നൽകപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾ മുതലായവർ) സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിൽ അപേക്ഷിക്കുവാൻ സാധിക്കുകയില്ല. അതുപോലെ തന്നെ ഒരു ജില്ലയിൽ പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി മറ്റൊരു ജില്ലയിൽ പോയവർക്ക് തിരിച്ച് അതേ ജില്ലയിലേയ്ക്ക് ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയില്ല.

ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിക്കുവാനായി Candidate Login എന്ന ലിങ്കിലൂടെ ലോഗിൻ ചെയ്യണം.

1. കാൻഡിഡേറ്റ് ലോഗിനിലെ Apply for School/Combination Transfer എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം.
2. പ്രസ്തുത ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷയിലെ അടിസ്ഥാന വിവരങ്ങൾ കാണിക്കുകയും ഓപ്ഷൻ എൻട്രി(സ്കൂൾ/കോഴ്സ്) ചെയ്യുന്നതിനുള്ള ബോക്സുകൾ ദൃശ്യമാകുന്നതുമാണ്.
3. അപേക്ഷാർത്ഥിയുടെ താൽപര്യമനുസരിച്ച് മുൻഗണനാക്രമത്തിൽ സ്കൂൾ/കോഴ്സുകൾ ഓപ്ഷനുകളായി 1,2,... എന്ന ക്രമത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
4. ആഗ്രഹിക്കുന്ന സ്കൂൾ/കോഴ്സിൽ ഒഴിവില്ലെങ്കിൽപ്പോലും അപേക്ഷിക്കാവുന്നതാണ്.
5. അപേക്ഷയിൽ ഉൾപ്പെടുത്തുന്ന സ്കൂൾ/കോഴ്സുകളിൽ തെറ്റില്ലെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം അപേക്ഷാർത്ഥിക്കും രക്ഷിതാവിനുമാണ്.
6. സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിൽ ,അതേ സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേക്കോ മറ്റൊരു സ്കൂൾ/കോമ്പിനേഷനിലേക്കോ അലോട്ട്മെൻറ് ലഭിച്ചാൽ നിർബന്ധമായും പുതിയ അലോട്ട്മെൻറ് പ്രകാരം പ്രവേശനം നിർദ്ദിഷ്ഠ സമയ പരിധിയിൽ തേടേണ്ടതാണ്.

7. പ്രസിദ്ധപ്പെടുത്തിയ വേക്കൻസിക്ക് പുറമേ ട്രാൻസ്ഫറിലൂടെ ഉണ്ടാകുന്ന വേക്കൻസികളിലേക്കും ട്രാൻസ്ഫർ അലോട്ട്മെൻറ് നടക്കുന്നതിനാൽ യാതൊരു കാരണവശാലും ട്രാൻസ്ഫർ അലോട്ട്മെൻറുകൾ റദ്ദാക്കുന്നതല്ല.
8. അപേക്ഷയിൽ ഓപ്ഷനുകൾ ഉൾപ്പെടുത്തിയ ശേഷം DECLARATION ചെക്ക് ചെയ്ത് Transfer Application Confirmation ചെയ്യണം.